GOVT. L.P. SCHOOL, AICKARAKONAM

Nurturing Future Minds

# ഗവ. എൽ. പി. സ്കൂൾ

## ഐക്കരക്കോണം




വിദ്യാഭ്യാസ ഉപജില്ല - പുനലൂർ

വിദ്യാഭ്യാസ ജില്ല - പുനലൂർ

റവന്യൂ ജില്ല - കൊല്ലം

# സമഗ്ര അക്കാഡമിക് മാസ്റ്റർ പ്ലാൻ

## 2025 - 26



GOVT. L.P. SCHOOL, AICKARAKONAM

Nurturing Future Minds

# ഗവ. എൽ. പി. സ്കൂൾ

## ഐക്കരക്കോണം

Estd : 1948

വിദ്യാഭ്യാസ ഉപജില്ല - പുനലൂർ

വിദ്യാഭ്യാസ ജില്ല - പുനലൂർ

റവന്യൂ ജില്ല - കൊല്ലം



# ഉള്ളടക്കം


പേജ് നമ്പർ

1. ആമുഖം ........ 1
2. സ്കൂളിനെ സംബന്ധിച്ച വിവരങ്ങൾ ........ 2
3. വിദ്യാലയ മികവുകൾ ........ 4
4. വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ ........ 4
5. പഞ്ചായത്ത് തലത്തിൽ അക്കാദമിക പിന്തുണ ആവശ്യമുള്ള പ്രവർത്തനങ്ങൾ ........ 5
6. പൊതു ലക്ഷ്യങ്ങൾ/കാഴ്ചപ്പാട് ........ 9
7. അക്കാദമികം/ഭാഷ ........ 6
8. ഇംഗ്ലീഷ് പഠനം ........ 8
9. പരിസര പഠനം ........ 10
10. ഗണിതം ........ 12
11. ഐ. സി. ഡി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ ........ 13
12. കലാപരിശീലനം ........ 14
13. ആരോഗ്യ കായിക വിദ്യാഭ്യാസം ........ 14
14. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം ........ 15
15. ഭൗതീക സൗകര്യങ്ങൾ ........ 16
16. പ്രവർത്തന വിശകലനം ........ 17
17. പരിസര പഠനം ........ 20
18. ഇംഗ്ലീഷ് ........ 23
19. ഗണിതം ........ 25
20. എൽ. എസ്. എസ്. പരീക്ഷാ പരിശീലനം ........ 27
21. ഉപസംഹാരം ........ 28
22. സ്കൂളിന്റെ പ്രൊപ്പോസ്ഡ് മാസ്റ്റർപ്ലാൻ ........ 29

# ആമുഖം



ഒരു കാലത്ത് ഐക്കരക്കോണത്തിന്റെ
യശസ്സ് ഉയർത്തി നിലകൊണ്ടിരുന്ന ഏക സർക്കാർ സ്ഥാപനമാണ്
ഐക്കരക്കോണം ഗവൺമെന്റ് എൽ. പി. സ്കൂൾ...

അറിയപ്പെടുന്നവരും അല്ലാത്തവരുമായ നിരവധി വ്യക്തിത്വങ്ങൾക്ക്
അറിവ് പകർന്ന സരസ്വതി ക്ഷേത്രം...

ഇന്ന് സമീപത്തുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ സ്വാധീനത്താൽ
കുട്ടികളുടെ എണ്ണം കുറഞ്ഞപ്പോഴും വീഴാതെ പിടിച്ചുനിന്ന
ഈ വിദ്യാലയം കാലത്തിനനുസരിച്ച് മാറുകയാണ്...

അധ്യാപകർ, രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, രാഷ്ട്രീയ-
സാമൂഹിക സാംസ്കാരിക രംഗത്തുള്ളവർ എന്നിവരുടെ കൂട്ടായ്മയിലൂടെ
ഈ വിദ്യാലയം പുരോഗതി പ്രാപിച്ചു വരുന്നു...

അങ്ങനെ "ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം"
എന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ
ഉൾപ്പെടുത്തിക്കൊണ്ട് ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ
തയ്യാറാക്കിയിരിക്കുകയാണ്...

വരും വർഷങ്ങളിൽ ഈ പ്രവർത്തനങ്ങളിലൂടെ ഐക്കരക്കോണം
ഗവൺമെന്റ് എൽ. പി. സ്കൂളിനെ മികവുറ്റ സ്കൂളുകളിൽ ഒന്നായി
മാറ്റിയെടുക്കാൻ കഴിയും.

# സ്കൂളിനെ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് : | ഗവ. എൽ. പി. സ്കൂൾ, ഐക്കരക്കോണം |
| സർവ്വേ നമ്പർ : | 711 / 1 / 58 |
| വില്ലേജ് : | വാളക്കോട് |
| ക്ലസ്റ്റർ : | ബി. ആർ. സി. പുനലൂർ |
| മുനിസിപ്പാലിറ്റി : | പുനലൂർ |
| ബ്ലോക്ക് : | പത്തനാപുരം |
| ജില്ല : | കൊല്ലം |
| ഹെഡ്മിസ്ട്രസ് : | പി. സുജ |
| പി. ടി. എ. പ്രസിഡന്റ് : | പ്രവീണ. എം. എസ് |
| എസ്. ആർ. ജി. കൺവീനർ : | ഷൈബി. കെ. എസ് |

## സ്കൂളിന്റെ സ്ഥാനം

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ പുനലൂർ വില്ലേജിൽ കക്കോട് എന്ന സ്ഥലത്ത് (സർവ്വേ നമ്പർ 711/1/58) 1948 ൽ സ്ഥാപിതമായി. വിദ്യ സമ്പാദനത്തിനു ഈ സ്ഥലവാസികളുടെ ഏക ആശ്രയം ഈ സ്കൂളായിരുന്നു. ആദ്യകാലത്ത് ഓഫീസ് മുറിയും സ്റ്റേജും ഉൾപ്പെടെയുള്ള ഒറ്റ കെട്ടിടമാണ് ഉണ്ടായിരുന്നത്. പിന്നീട് രണ്ടു മുറികളുള്ള ഒരു കോൺക്രീറ്റ് കെട്ടിടവും നിർമ്മിച്ചു.



# ക്ലാസ്സുകൾ

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ.

## വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| പ്രീ പ്രൈമറി | 11 | 13 | 24 |
| സ്റ്റാന്റേർഡ് - 1 | 7 | 5 | 12 |
| സ്റ്റാന്റേർഡ് - 2 | 6 | 11 | 17 |
| സ്റ്റാന്റേർഡ് - 3 | 6 | 9 | 15 |
| സ്റ്റാന്റേർഡ് - 4 | 6 | 6 | 12 |
| ആകെ | 36 | 44 | 80 |

## വിദ്യാലയ ജീവനക്കാരുടെ എണ്ണം

| ക്രമനമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഹെഡ്മിസ്ട്രസ് | 1 |
| 2 | സ്ഥിര അദ്ധ്യാപികമാർ | 3 |
| 3 | പ്രീ പ്രൈമറി അദ്ധ്യാപിക | 1 |
| 4 | പ്രീ പ്രൈമറി ആയ | 1 |
| 5 | പി. റ്റി. സി. എം | 1 |
| 6 | പാചക തൊഴിലാളി | 1 |

# വിദ്യാലയ മികവുകൾ

- എല്ലാ പ്രവർത്തിദിനങ്ങളിലും ക്ലാസ് അടിസ്ഥാനത്തിൽ അസംബ്ലി. ഒരാഴ്ച മലയാളം അസംബ്ലിയും ഒരാഴ്ച ഇംഗ്ലീഷ് അസംബ്ലിയും പത്രവായന, ക്വിസ്, കടങ്കഥ, പഴഞ്ചൊല്ല്, പുസ്തകപരിചയം, കുട്ടി കവിതകൾ, ലഘു വ്യായാമങ്ങൾ, ഇന്നത്തെ ചിന്താവിഷയം ഇവയൊക്കെ അസംബ്ലിയിൽ ഉൾപ്പെടുത്തുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു.
- ഹരിത വിദ്യാലയം ആക്കി ഹരിത പരിസരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'പിറന്നാളിന് ഒരു ചെടി' പദ്ധതിക്ക് തുടക്കം കുറിച്ചു.
- ഇരുപതോളം ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിച്ചു.
- വിഷരഹിതമായ പച്ചക്കറി കൃഷി ചെയ്തുവരുന്നു.
- ദിനാചരണങ്ങൾ വിവിധ പ്രവർത്തനങ്ങളോടെ നടത്തിവരുന്നു.
- ആഴ്ചതോറും ക്ലബ്ബുകൾ കൂടുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.
- കരാട്ടെ, നൃത്തം, സ്പോർട്സ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നിവയ്ക്ക് പ്രത്യേക ക്ലാസുകൾ നടത്തിവരുന്നു.
- മാസംതോറും ക്ലാസ്സ് പി. ടി. എ.
- പോഷകസമൃദ്ധമായ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, സായാഹ്ന ഭക്ഷണം എന്നിവ കുട്ടികൾക്ക് നൽകുന്നു.

# വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ

- കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിന് ക്ലാസ് റൂമിന്റെ അഭാവം.
- സ്മാർട്ട് ക്ലാസ് മുറികൾ ഇല്ല.
- ചുറ്റുമതിൽ പൂർത്തിയാക്കിയിട്ടില്ല.
- ക്ലാസ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ലൈബ്രറി മുറിയും വായനാ മുറിയും അത്യാവശ്യമാണ്.
- കലാകായിക വിദ്യാഭ്യാസത്തിന് സ്പെഷ്യൽ ടീച്ചേഴ്സിനെ ആവശ്യമാണ്.
- സ്കൂൾ ഓഡിറ്റോറിയം ഇല്ല.

# പഞ്ചായത്ത് തലത്തിൽ അക്കാദമിക പിന്തുണ ആവശ്യമുള്ള പ്രവർത്തനങ്ങൾ

- ചുറ്റുമതിൽ.
- ക്ലാസ്സ് ലൈബ്രറിക്ക് ആവശ്യമായ ഷെൽഫുകൾ
- കലാകായിക വിദ്യാഭ്യാസത്തിന് സ്പെഷ്യൽ ടീച്ചേഴ്സിനെ ആവശ്യമാണ്
- അഡീഷണൽ ക്ലാസ് റൂം
- ഗ്രൗണ്ട് ടർഫ് നിർമ്മാണം
- ലാംഗ്വേജ് ലാബ്
- എ.സി. ക്ലാസ്സ്റൂം
- എല്ലാ ക്ലാസ്സ്റൂമുകളിലും പ്രൊജക്ടർ

# പൊതു ലക്ഷ്യങ്ങൾ/കാഴ്ചപ്പാട്

- എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ ലഭിക്കേണ്ട പഠന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് ഉറപ്പുവരുത്തും.
- ഓരോ ഘട്ടം കഴിയുമ്പോഴും കുട്ടി നേടിയ അറിവും കഴിവും രക്ഷിതാക്കളെ അറിയിക്കും.
- ക്ലാസിൽ മികവ് പുലർത്തുന്ന കുട്ടികളെ കുറച്ചുകൂടി ഉയർന്ന തലത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- പഠന പിന്നോക്കകാർക്ക് പ്രത്യേകം പഠന തന്ത്രങ്ങൾ ആവിഷ്കരിക്കും.
- മൂല്യബോധം ഉള്ളവരാകാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും.
- ഇതോടൊപ്പം പാരിസ്ഥിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജ്ജനാവബോധം തുടങ്ങിയവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾ എല്ലാം പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും, ക്ലാസ് മുറികൾ അതിന് അനുയോജ്യമായ വിധത്തിൽ സജ്ജീകരിക്കും.

→

- പഠനത്തെ പരിസ്ഥിതി ബന്ധിതവും ജീവിതഗന്ധിയും ആകുവാൻ ഉതകും വിധം 'സ്കൂൾ കാമ്പസ്സ് ഒരു പാഠപുസ്തകം' ആക്കാൻ തക്കവിധം വികസിപ്പിക്കും.
- വായനാസംസ്കാരം പ്രോത്സാഹിപ്പിക്കും.
- കൗൺസിലിംഗ് സൗകര്യം ലഭ്യമാകും.
- കല, സംഗീതം, നൃത്തം, കായികം എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകും.
- എസ്. എസ്. കെ യിൽ നിന്ന് കിട്ടിയ 'വർണ കൂടാരം' പദ്ധതി പൂർത്തീകരിക്കൽ.
- ഈ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനായി എല്ലാ ക്ലാസ്സുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.
- ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

# അക്കാദമികം/ഭാഷ

## ലക്ഷ്യങ്ങൾ


- എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും കഴിയുന്നു എന്ന് ഉറപ്പാക്കൽ.
- വായനയിലൂടെ കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടൽ.
- സർഗാത്മക ശേഷി വികസിപ്പിക്കൽ.
- സാഹിത്യാഭിരുചി വളർത്തൽ.

→

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | വായനാസാമഗ്രികൾ തയ്യാറാക്കൽ | ഒരാഴ്ച | ടീച്ചർ | |
| 2. | ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ | ഒരു വർഷം | എച്ച്. എം.,<br>ടീച്ചർ,<br>പി. റ്റി. എ. | സ്പോൺസർഷിപ്പ് - BRC |
| | • ആഴ്ചയിൽ ഒരു പുസ്തകം | | | |
| | • അമ്മ വായന | രണ്ടാഴ്ചയിൽ ഒരിക്കൽ | | |
| | • വായനാകുറിപ്പുകൾ തയ്യാറാക്കൽ | | | |
| | • ആസ്വാദന കുറിപ്പുകൾ തയ്യാറാക്കൽ | രണ്ടാഴ്ചയിൽ ഒരിക്കൽ | | |
| | • വയനാവിശേഷങ്ങൾ, അറിവുകൾ എന്നിവ അസ്സംബ്ലിയിൽ പങ്കുവെക്കൽ. | ദിവസേന | | |
| | • അസംബ്ലിയിൽ പത്രവായന, പത്ര ക്വിസ്. | ദിവസേന | | |
| 3. | • ഓരോ ക്ലാസ്സിലും പത്രം, ബാല മാസികകൾ | | എച്ച്. എം.,<br>പി. റ്റി. എ. | സ്പോൺ-സർഷിപ്പ് |
| 4. | • ഓരോ ക്ലാസ്സിലും കൈയെഴുത്തു മാസിക | ഒരു വർഷം | ടീച്ചർ | |
| 5. | • പതിപ്പ് തയ്യാറാക്കൽ | മാസംപ്രതി | കുട്ടികൾ | |
| 6. | • പാഠ ഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം | മാസംപ്രതി | | |
| 7. | • സാഹിത്യ സമാജം | രണ്ടാഴ്ചയിൽ ഒരിക്കൽ | ടീച്ചർ | |
| 8. | • സാഹിത്യ സദസ്സ് | വർഷത്തിൽ ഒന്ന് | എച്ച്. എം. | |
| 9. | • ക്ലാസ് ലൈബ്രറി / വായനശാല സജ്ജമാക്കാൻ | | | |
| 10. | • ICE സഹായത്തോടെ ഡോക്യുമെന്റേഷൻ അവതരണം | | | |
| 11. | • ഭഷ്യമേളകൾ | | | |
| 12. | • കലാസദസ്സ് സംഘടിപ്പിക്കൽ | | | |
| 13. | • കാവ്യാവിഷ്കാരം | | | |
| 14. | • മധുരം മലയാളം പദ്ധതി | | | |
| 15. | • പ്രീ സ്കൂൾ വർണകൂടാരം | 6 മാസം | എച്ച്. എം.,<br>S.M.C | 10,000 |

→

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 16. | സാഹിത്യകാരന്മാരുമായി അഭിമുഖം | | | |
| 17. | വിദ്യാരംഗം - ശില്പശാലകൾ | വർഷത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം | |
| 18. | വായനക്കൂട്ടം, എഴുത്തുകൂട്ടം | | | |
| 19. | സർഗ്ഗചുമർ | | | |
| 20. | പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരന്മാരെ സ്കൂളിലെത്തിച്ച് അനുഭവങ്ങൾ പങ്കുവയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്. എം., പി. റ്റി. എ. | |
| 21. | ദിനാചരണ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. | | കൺവീനർ | |
| 22. | വായനോത്സവം | | | |
| 23. | സചിത്ര പാഠപുസ്തകം, സംയുക്ത-ഡയറി, റീഡേഴ്സ് തിയറ്റർ എന്നീ ആശയങ്ങൾ ഉൾപ്പെടുത്തുന്ന പ്രവർത്തനം | ദിനംപ്രതി | അധ്യാപകർ | |




# ഇംഗ്ലീഷ് പഠനം
## Communicative English Enhancing Program

**ലക്ഷ്യങ്ങൾ**

- തുടർ പഠനത്തിനും ആശയവിനിമയത്തിനും സഹായകമാകും വിധം ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കൽ.
- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സ്വതന്ത്ര വായനക്ക് സജ്ജരാകുക.
- നാടകീകരണം
- കവിതാലാപനം

→

- സാങ്കേതികവിദ്യയുടെ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രയോജനപ്പെടുത്തൽ.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികൾക്ക് അവസരമൊരുക്കൽ
- LANGUAGE LAB സജ്ജമാക്കൽ

Role Play | English Club
English Assembly | Picture Dictionary
Speach Bubbles | Reading Cards

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ചിത്ര വായനയ്ക്കുള്ള അവസരം ഒരുക്കൽ | എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ | |
| 2. | ലഘു വായനയ്ക്കുള്ള സാമഗ്രികൾ തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| 3. | ലഘുവായനാ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ സജ്ജീകരിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | |
| 4. | വായിച്ച പുസ്തകത്തെക്കുറിച്ചു പറയൽ | മാസത്തിൽ ഒരിക്കൽ | ടീച്ചർ | |
| 5. | കഥകൾ പറയൽ | | ടീച്ചർ | |
| 6. | പതിപ്പുകൾ തയ്യാറാക്കൽ | പ്രതിമാസം | ടീച്ചർ | |
| 7. | റോൾ പ്ലേ | പ്രതിമാസം | ടീച്ചർ | |
| 8. | മാഗസിനുകൾ തയ്യാറാക്കൽ | പ്രതിമാസം | ടീച്ചർ | |
| 9. | ഇംഗ്ലീഷ് അസംബ്ലി | ഒന്നിടവിട്ട ആഴ്ച | ടീച്ചർ | |
| 10. | ഇംഗ്ലീഷ് ഫെസ്റ്റ് | ഒരു വർഷം | എച്ച്. എം./ടീച്ചർ/ പി. റ്റി. എ. | |
| 11. | ഇംഗ്ലീഷ് പദപ്രശ്നം | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| 12. | ഇംഗ്ലീഷ് കോർണർ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

# പരിസരപഠനം

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ.
- ആധുനികശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ജനാധിപത്യ ജീവിത സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക.
- പ്രകൃതിയുടെ ഭാഗമായി കുട്ടികൾ വളരൽ.
- പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം നൽകുക.
- ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കുക.
- നാട്ടുവിശേഷം / കൂട്ടെഴുത്ത്.
- ഭൂപട നിർമ്മാണം.
- ലഘു പ്രോജക്ടുകൾ തയ്യാറാക്കൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ലൈബ്രറിയിൽ ശാസ്ത്ര പുസ്തകങ്ങൾ ഉൾപ്പെടുത്തൽ | പ്രതിവർഷം | ശാസ്ത്ര ക്ലബ്ബ് | |
| 2. | ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ | | | |
| 3. | ശാസ്ത്ര ലാബിന് പ്രത്യേകം മുറി സജ്ജീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | | |
| 4. | ശാസ്ത്ര ക്ലബ്ബ് | ആഴ്ചതോറും | | |
| 5. | ഫീൽഡ് ട്രിപ്പ് | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

→

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. | പതിപ്പുകൾ തയ്യാറാക്കൽ | | | |
| 7. | ശാസ്ത്രോപകരണങ്ങൾ നിർമ്മിക്കൽ | | | |
| 8. | ഔഷധ ഉദ്യാനം വിപുലപ്പെടുത്തൽ | വർഷംതോറും | പി.ടി.എ. | |
| 9. | ജൈവകൃഷി മെച്ചപ്പെടുത്തൽ | പ്രതിവർഷം | പി.ടി.എ.<br>കൃഷി വകുപ്പ് | |
| 10. | പ്രകൃതിയെ അറിയൽ | | | |
| 11. | കൃഷി സാധ്യതകൾ തിരിച്ചറിയൽ | | | |
| 12. | കൃഷി പതിപ്പുകൾ തയ്യാറാക്കൽ | | | |
| 13. | ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ | ഒരു പ്രാവശ്യം | S.R.G | S.S.A. |
| 14. | ദിനാചരണങ്ങൾ | | | |
| 15. | ചരിത്ര വസ്തുതകൾ രേഖപ്പെടുത്തൽ, മാസികകൾ തയ്യാറാക്കൽ | പ്രതിവർഷം | ശാസ്ത്ര ക്ലബ്ബ് | |
| 16. | ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ (ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ) | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം.<br>പി. ടി. എ | |
| 17. | ലഘു പരീക്ഷണങ്ങൾ നടത്തൽ | പ്രതിമാസം | ടീച്ചർ | |
| 18. | ആഹാരം, ആരോഗ്യം, ജീവിതശൈലി, വ്യക്തിപരമായ തീരുമാനമെടുക്കൽ | | | |

# ഗണിതം



## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടികൾ നേടേണ്ട ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഓരോ കുട്ടിക്കും ഗണിത കിറ്റ് തയ്യാറാക്കൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ഗണിത കേളികൾ നടത്തുന്നു. | ആഴ്ചതോറും | ഗണിത ക്ലബ്ബ് | |
| 2. | ഗണിതചുവർ സജ്ജീകരിക്കാൻ | | ടീച്ചർ | |
| 3. | ഗണിത മൂലകൾ ഒരുക്കൽ | | ടീച്ചർ | |
| 4. | ഗണിത ലാബ് സജ്ജീകരിക്കും | | S.R.G ഗണിത ക്ലബ്ബ് | |
| 5. | ഗണിത ഉപകരണങ്ങൾ നിർമ്മിക്കൽ | | | |
| 6. | ഗണിത മാസിക തയ്യാറാക്കൽ | പ്രതിവർഷം | ടീച്ചർ | |
| 7. | ഗണിത ക്ലബ്ബ് | ആഴ്ചതോറും | | |
| 8. | ക്ലാസ് ലൈബ്രറിയിൽ ഗണിത പുസ്തകങ്ങൾ ഉൾപ്പെടുത്തൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ടീച്ചർ പി.ടി.എ. | സ്പോൺസർ ഷിപ്പ് |
| 9. | ദിനാചരണങ്ങൾ | | S.R.G ഗണിത ക്ലബ്ബ് | |
| 10. | പതിപ്പുകൾ | | | |
| 11. | ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർ-മ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു | | S.R.G ഗണിത ക്ലബ്ബ് | |
| 12. | വിവരസാങ്കേതികവിദ്യയെ ഗണിത പഠനവുമായി ബന്ധിപ്പിക്കുന്നു | | ടീച്ചർ | |

- ജാമിതീയ രൂപങ്ങളെ കുറിച്ചുള്ള ധാരണ
- ഓറിഗാമി നിർമ്മാണം
- ഗണിത ശില്പശാല
- ഗണിത അസംബ്ലി

# ഐ. സി. ഡി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

**ലക്ഷ്യങ്ങൾ**

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- കമ്പ്യൂട്ടർ പഠനത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ഓരോ വിഷയവുമായി ബന്ധപ്പെട്ട് ഐ. സി. ഡി. സാധ്യതകൾ കണ്ടെത്തുകയും കുട്ടികൾക്ക് സ്വയം ചെയ്യുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു | ആഴ്ച തോറും | ക്ലാസ് ടീച്ചർ | |
| 2. | ക്ലാസ് മുറികളിൽ ഐ.സി.ഡി. പ്രവർത്തനം കാര്യക്ഷമമാക്കാൻ കമ്പ്യൂട്ടറുകളും, ലാപ്ടോപ്പുകളും ശേഖരിക്കൽ | ഒരു വർഷം | | |
| 3. | എസ്. ആർ. ജി. യോഗങ്ങളിൽ വരും ദിവസങ്ങളിലേക്കുള്ള പാഠഭാഗങ്ങ ളുടെ ചർച്ചയും ഐ. ടി. സാധ്യതകളുടെ കണ്ടെത്തലുകളും നടത്തുന്നു | ആഴ്ച തോറും | എസ്. ആർ. ജി. കൺവീനർ | |

## കലാപരിശീലനം

### ലക്ഷ്യങ്ങൾ

- കലാഭിരുചി വളർത്തുക
- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക വികസിപ്പിക്കുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ടാലന്റ്ലാബ് കുട്ടികളുടെ കഴിവുകളിലുള്ള വൈവിധ്യം നോക്കിലിസ്റ്റ് തയ്യാറാക്കൽ. ഓരോന്നിലും മെച്ചപ്പെട്ട കുട്ടികളെ ഗ്രൂപ്പാക്കി അവർക്ക് പരിശീലനം കൊടുക്കൽ. പ്രദേശത്തുള്ള കലാകാരന്മാരെ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നു | വർഷം തോറും | വിവിധ ക്ലബുകൾ | |

## ആരോഗ്യകായിക വിദ്യാഭ്യാസം

### ലക്ഷ്യങ്ങൾ

- ആരോഗ്യശീലങ്ങൾ വളർത്തുക
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | അസംബ്ലിയിൽ വ്യായാമം ചെയ്യൽ | ആഴ്ച തോറും | ടീച്ചർ | |
| 2. | കളിസ്ഥലം ക്രമീകരിക്കൽ | ഒരു വർഷം | | |
| 3. | കായിക പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | കായികാധ്യാപകൻ | |
| 4. | മെഡിക്കൽക്യാമ്പ് നടത്തൽ | പ്രതി വർഷം | | |
| 5. | പോഷകസമൃദ്ധമായ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും | ദിവസേന | എച്ച്. എം, പി. റ്റി. എ | - |

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം

### ലക്ഷ്യങ്ങൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കുക
- പ്രത്യേക പഠനപദ്ധതികൾ തയ്യാറാക്കുക
- അവരുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | എല്ലാ വിഷയങ്ങൾക്കും പ്രത്യേകം ആസൂത്രണം | ആഴ്ച തോറും | SRG | |
| 2. | ഐ. സി. ടി. സാധ്യതകൾ ഉപയോഗിച്ച് പഠനം ലഘൂകരിക്കുന്നു | ആഴ്ച തോറും | SRG | |
| 3. | രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ് | | | |

## ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | ചുറ്റുമതിൽ | ഒരു വർഷം | മുനിസിപ്പാലിറ്റി | |
| 2 | ഹൈടെക് ക്ലാസ്സ്മുറികൾ | രണ്ട് വർഷം | മുനിസിപ്പാലിറ്റി | |
| 3. | കെട്ടിടങ്ങളുടെ ചുവരുകൾ പഠനമൂല്യമുള്ളതാക്കൽ | ഒരു വർഷം | സ്പോൺസർ ഷിപ്പ് | പി.റ്റി.എ |
| 4. | മരങ്ങൾക്കു ചുറ്റും കുട്ടികൾക്ക് ഇരിപ്പിടങ്ങൾ | ഒരു വർഷം | മുനിസിപ്പാലിറ്റി | |
| 5. | കംപ്യൂട്ടറുകൾ, പ്രൊജക്ടർ,പ്രിന്റർ എന്നിവ ഉൾപ്പെടെ കംപ്യൂട്ടർ ലാബ് | ഒരു വർഷം | മുനിസിപ്പാലിറ്റി | |
| 6. | ലൈബ്രറിമുറി, വായനമുറി | ഒരു വർഷം | മുനിസിപ്പാലിറ്റി | |
| 7. | ഡൈനിംഗ് ഹാൾ | രണ്ട് വർഷം | മുനിസിപ്പാലിറ്റി | |
| 8. | കുട്ടികളുടെ പാർക്ക് | രണ്ട് വർഷം | മുനിസിപ്പാലിറ്റി | |
| 9. | ജൈവവൈവിധ്യപാർക്ക് | രണ്ട് വർഷം | മുനിസിപ്പാലിറ്റി | |

# പ്രവർത്തന വിശകലനം

## ഭാഷ

## ലക്ഷ്യങ്ങൾ

- എല്ലാകുട്ടികൾക്കും വായിക്കാനും എഴുതാനും കഴിയുന്നു എന്ന് ഉറപ്പാക്കൽ
- വായനയിലൂടെ ഭാഷാശേഷി വികസിപ്പിക്കുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടൽ
- സർഗ്ഗാത്മക ശേഷി വികസിപ്പിക്കൽ
- സാഹിത്യഭിരുചി വളർത്തൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | അക്ഷരക്കാർഡ് ഉപയോഗിച്ച് വാക്കുകൾ രൂപീകരിക്കൽ വാക്കുകൾ ഉപയോഗിച്ച് വാക്യ നിർമ്മാണം | ആഴ്ച യിലൊരിക്കൽ | ടീച്ചർ | |
| 2. | ഓരോ കുട്ടിക്കും പത്രവായനയ്ക്ക് അവസരം പ്രധാന വാർത്തകൾ രേഖപ്പെടുത്തി അസംബ്ലിയിൽ വായന | ദിനം പ്രതി | ടീച്ചർ | |
| 3. | ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ വായനക്കുറിപ്പ് തയാറാക്കൽ | ആഴ്ച യിലൊരിക്കൽ | ടീച്ചർ | |
| 4. | ബാലമാസികകൾ വായിച്ച് (മിന്നാമിന്നി, കളിക്കുടുക്ക, ബാലരമ, തളിര്......) പുതിയ അിറവുകൾ മറ്റുകുട്ടികളുമായി പങ്കുവെക്കാനവസരം | ആഴ്ച യിലൊരിക്കൽ | ടീച്ചർ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. | അടുത്തുള്ള ലൈബ്രറികൾ, സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങിൽനിന്നും പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറി വിപുലീകരിക്കുന്നു | പ്രതിവർഷം | ടീച്ചർ, പി. റ്റി. എ | |
| 6. | "ആഴ്ചയിലൊരു പുസ്തകം" ആഴ്ചയിൽ ഒരു പുസ്തകം വായിച്ച് വായനക്കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൽ പോർട്ട്ഫോളിയോയിൽ പ്രദർശനം | ആഴ്ചയിലൊരിക്കൽ | ടീച്ചർ | |
| 7. | അമ്മ വായന രക്ഷിതാക്കൾക്കും സ്ക്കൂൾ ലൈബ്രറി ഉപയോഗിക്കാൻ അവസരം | ആഴ്ചയിൽ | പി. റ്റി. എ | |
| 8. | ഓരോ ക്ലാസിലും പാഠഭാഗങ്ങളുമായി വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനക്കുറിപ്പ് തയാറാക്കൽ | സന്ദർഭാനുസരണം | ടീച്ചർ | |
| 9. | സാഹിത്യകാരന്മാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ | സന്ദർഭാനുസരണം | | |
| 10. | വായനയിൽ നിന്നും കിട്ടിയ അറിവുകൾ അസംബ്ലിയിൽ പങ്കുവയ്ക്കൽ | ദിനം പ്രതി | ടീച്ചർ | |
| 11. | "പത്ര ക്വിസ്" പത്രവായനയിലൂടെ ചോദ്യങ്ങൾ തയാറാക്കി പത്ര ക്വിസ് നടത്തുന്നു. ചോദ്യങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൽ | ദിനം പ്രതി | ടീച്ചർ | |
| 12. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കൽ, പതിപ്പുകൾ, പോസ്റ്ററുകൾ തയാറാക്കൽ, ദിനങ്ങളുടെ പ്രാധാന്യം അസംബ്ലിയിൽ പങ്കുവയ്ക്കൽ | മാസം തോറും | ടീച്ചർ | |
| 13. | ഓരോ ക്ലാസിലെയും കുട്ടികളുടെ രചനകൾ ചേർത്ത് കൈയ്യെഴുത്ത് മാസിക തയാറാക്കൽ | വർഷത്തിൽ ഒന്ന് | എല്ലാ അധ്യാപകരും | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 14. | പാഠഭാഗങ്ങൾ പല രൂപത്തിൽ ആവിഷ്കരിക്കൽ (നാടകം, പാവനാടകം, കഥാപ്രസംഗം, നൃത്തം) | സന്ദർഭാനുസരണം | ടീച്ചർ | പി. ടി. എ. |
| 15. | പ്രദേശത്തുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി സാഹിത്യ സദസ്സ് സംഘടിപ്പിക്കാൻ | പ്രതിവർഷം | എച്ച്. എം./ സ്കൂൾ വികസന സമിതി | പി. ടി. എ. |
| 16. | പ്രദേശത്തുള്ള കലാകാരന്മാരുടെ അഭിമുഖവും അനുഭവം പങ്കുവയ്ക്കലും | പ്രതിവർഷം | അധ്യാപകർ | |
| 17. | ആഴ്ചയിലൊരിക്കൽ വിദ്യാരംഗം ക്ലബ് കൂടി കുട്ടികളുടെ സാഹിത്യ ക്വിസ്, കഥ, കവിത അവതരണം, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ | ആഴ്ച തോറും | ക്ലബ് അംഗങ്ങൾ/ ടീച്ചർ | |
| 18. | 3, 4 ക്ലാസുകൾക്ക് ബാലമാസികകൾ നൽകി വായനക്കൂട്ടം സംഘടിപ്പിക്കൽ | പ്രതിമാസം | ടീച്ചർ | |
| 19. | ക്ലാസ് തലത്തിൽ വായന മത്സരം | പ്രതിമാസം | ടീച്ചർ | |
| 20. | കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കൽ | പ്രതിമാസം | ടീച്ചർ | |
| 21. | 3, 4 ക്ലാസുകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മലയാളത്തിളക്കം | ദിനംപ്രതി | ടീച്ചർ | |
| 22. | മൂന്നാം ക്ലാസിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശ്രദ്ധ | ദിനംപ്രതി | ടീച്ചർ | |
| 23. | വായനാവാരത്തോടനുബന്ധിച്ച് വായനോത്സവം നടത്തൽ | പ്രതിവർഷം | ടീച്ചർ | |
| 25. | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ താൽപര്യവും നിലവാരവും അനുസരിച്ച് പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നു | ദിനംപ്രതി | ടീച്ചർ | |
| 26. | മധുരം മലയാളം പ്രവർത്തന പാക്കേജ് നിർവ്വഹണം | ദിനംപ്രതി | ടീച്ചർ | |
| 27. | വായനമൂല സജ്ജീകരിക്കൽ | പ്രതിമാസം | ടീച്ചർ | |

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്രാഭിരുചി വളർത്തൽ.
- ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- പ്രകൃതിയുടെ ഭാഗമായി കുട്ടി വളരൽ
- പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.
- ലഘു പ്രൊജക്റ്റ്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | പ്രകൃതിയുമായി ഇണങ്ങിയ ക്ലാസ് പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യൽ. | സന്ദർഭാനുസരണം | ടീച്ചർ | |
| 2. | പരിസര നിരീക്ഷണത്തിനു അവസരം (പക്ഷി, സസ്യങ്ങൾ, ജീവികൾ, ശലഭം, മണ്ണ്....) | | | |
| 3. | നിരീക്ഷണത്തിലൂടെ വർഗ്ഗീകരണം, അപഗ്രഥനം, നിഗമനം. | സന്ദർഭാനുസരണം | ടീച്ചർ | |
| 4. | സർവ്വേ : തൊഴിൽ, ജനസംഖ്യ, വീട്.... തുടങ്ങിയവ സർവ്വേ വിഷയമായി എടുക്കുന്നു. അതിനുള്ള പട്ടിക തയ്യാറാക്കൽ. | സന്ദർഭാനുസരണം | ടീച്ചർ | |
| 5. | ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരണം. | ആഴ്ചയിലൊരിക്കൽ | ടീച്ചർ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. | ലൈബ്രറിയിൽ കൂടുതൽ ശാസ്ത്ര പുസ്തകങ്ങൾ ഉൾപ്പെടുത്തൽ. വായിക്കാൻ അവസരം നൽകൽ | ആഴ്ചയിലൊരിക്കൽ | ടീച്ചർ | |
| 7. | ശാസ്ത്രദിനാചരണങ്ങളുടെ പ്രാധാന്യം അസംബ്ലിയിൽ അവതരിപ്പിക്കൽ. ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കൽ, പോസ്റ്റർ പതിപ്പ് എന്നിവ തയാറാക്കൽ (ക്ലാസടിസ്ഥാനം) | ശാസ്ത്ര ദിനങ്ങളിൽ | ടീച്ചർ | |
| 8. | <u>പരീക്ഷണങ്ങൾ</u><br>വിത്തുമുളപ്പിക്കൽ, വായു മർദ്ദം, മഴ അളക്കൽ, ജല ശുദ്ധീകരണം പരീക്ഷണങ്ങൾ ചെയ്യാൻ അവസരം. പരീക്ഷണ സാമഗ്രികൾ സംഘടിപ്പിക്കൽ നിർമ്മിക്കൽ. ഉദാ: (മുച്ചട്ടിഅരിപ്പ) | സന്ദർഭാനുസരണം | ടീച്ചർ | |
| 9. | <u>ആവശ്യമായ ഉപകരണങ്ങൾ</u><br>ടെസ്റ്റ് ട്യൂബുകൾ, ബീക്കറുകൾ, മുച്ചട്ടി അരിപ്പ, ടംബ്ലർ, ഫില്ലർ, സ്പൂൺ, ഗ്ലാസ്,...... ബലൂൺ, പൈപ്പ്, ട്യൂബ് | | | BRC |
| 10. | <u>നിർമ്മാണം</u><br>മോഡലുകൾ നിർമ്മാണം, ട്രാഫിക് സിഗ്നൽ, ക്രിത്യമ ഉപഗ്രഹവാഹിനി, പാഠഭാഗവുമായി ബന്ധപ്പെട്ടതെല്ലാം | | | പി. റ്റി. എ |
| 11. | <u>ശാസ്ത്ര മൂല</u><br>പരിസരപഠനത്തിനാവശ്യമായ പരീക്ഷണ ഉപകരണങ്ങൾ, ചിത്രങ്ങൾ മോഡലുകൾ, ഗ്ലോബ്, മാപ്പുകൾ എന്നിവ ഓരോ ക്ലാസിലും പ്രത്യേകം സജ്ജീകരിക്കൽ | പ്രതിവർഷം | എച്ച്. എം, ടീച്ചർ | പി. റ്റി. എ |
| 12. | <u>ആൽബം തയാറാക്കൽ</u><br>ഇലചിത്രങ്ങൾ, മണൽചിത്രങ്ങൾ, സ്റ്റാംമ്പ്, തൂവൽ, നാണയങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് ആൽബം നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് സന്ദർഭാനുസരണം | ടീച്ചർ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 13 | ശാസ്ത്രജ്ഞന്മാരുടെ ജന്മദിനത്തിൽ അവരുടെ സംഭാവനകൾ ഉൾപ്പെടുത്തി ദിനാചരണം ആചരിക്കൽ | ശാസ്ത്ര ദനങ്ങളിൽ | ടീച്ചർ | |
| 14 | ശുചിത്വം,ജലസംരക്ഷണം ആരോഗ്യശീലങ്ങൾ, മലനീകരണം പ്രകൃതിസംരക്ഷണം, വനസംരക്ഷണം തുടങ്ങിയവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം, രക്ഷിതാക്കൾക്കും, കുട്ടികൾക്കും ബോധവത്കരണ ക്ലാസ്സുകൾ പങ്കെടുപ്പിക്കൽ | പ്രതിവർഷം | എച്ച്.എം, ടീച്ചർ | |
| 15 | ഭക്ഷ്യമേള പ്രദർശനം | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ്സ്ടീച്ചർ SRG,SMC | SMC |
| 16 | ഔഷധത്തോട്ടവും, പൂന്തോട്ടവും നിർമ്മാണം | സെപ്റ്റംബർ ഒക്ടോബർ | SRG,SMC | SMC |
| 17 | ഫീൽഡ് ട്രിപ്പ് | സന്ദർഭാനുസരണം | HM,SRG ക്ലാസ്സ്ടീച്ചർ | |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- തുടർപഠനത്തിനും ആശയവിനിമയത്തിനും സഹായകമാകുന്ന വിധത്തിൽ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കൽ
- ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- നാടകീകരണം
- കവിതാലാപനം
- സാങ്കേതിക വിദ്യ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തൽ
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ചിത്രങ്ങൾ അക്ഷരകാർഡുകൾ എന്നിവ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ | ആദ്യമാസം | ടീച്ചർ | |
| 2. | പാഠഭാഗവുമായി ബന്ധപ്പെട്ട് ലഘുവായന സാമഗ്രികൾ തയാറാക്കൽ | ആഴ്ചയിലൊരിക്കൽ | ടീച്ചർ | |
| 3. | പരിചിതമായ പദങ്ങൾ ചേർത്ത് വാക്യനിർമ്മാണം | ആഴ്ചയിൽ | ടീച്ചർ | |
| 4. | പാഠഭാഗവുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ കഥ, കവിത എന്നിവ ചേർത്ത് പതിപ്പ് തയാറാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് സന്ദർഭാനുസരണം | ടീച്ചർ | |
| 5. | പാഠഭാഗങ്ങൾ റോൾപ്ലേ ആയി അവതരിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് സന്ദർഭാനുസരണം | ടീച്ചർ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. | കുട്ടികളുടെ സൃഷ്ടികൾ ഒരുമിച്ച് ചേർത്ത് സ്കൂൾ മാഗസിൻ തയ്യാറാക്കൽ പ്രതിവർഷം എച്ച്. എം., ടീച്ചർ, പി. ടി. എ. | പ്രതിവർഷം | എച്ച്. എം. ടീച്ചർ | പി. ടി. എ |
| 7. | വർഷാവസാനം കുട്ടികളുടെ കഴിവുകൾ അവതരിപ്പിക്കാൻ ഇംഗ്ലീഷ് ഫെസ്റ്റ് | പ്രതിവർഷം | എച്ച്. എം. ടീച്ചർ | പി. ടി. എ |
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട പദപ്രശ്നം രൂപീകരിക്കൽ | സന്ദർഭാനുസരണം | ടീച്ചർ | പി. ടി. എ |
| 9. | പഠനത്തിനാവശ്യമായ സാമഗ്രികൾ ക്ലാസ് മുറിയിൽ സജ്ജീകരിക്കുന്നതിനായി ഇംഗ്ലീഷ് കോർണർ | പ്രതിവർഷം | ടീച്ചർ | |
| 10. | ക്വിസ്, ന്യൂസ് റീഡിംഗ്, റിഡിൽസ്, പസ്സിൽസ്, ഗ്രേറ്റ് വേർഡ്സ്, സ്റ്റോറിടെല്ലിങ്, റൈംസ്, സ്പീച്ച് ബബിൾസ് എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് അസംബ്ലി മെച്ചപ്പെടുത്തൽ | ദിനംപ്രതി | ടീച്ചർ | |
| 11. | ക്ലാസ് ലൈബ്രറിയിൽ ലളിതമായ ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി മെച്ചപ്പെടുത്തൽ | പ്രതിവർഷം | എച്ച്. എം. ടീച്ചർ | |
| 12. | വായിച്ച പുസ്തകത്തെക്കുറിച്ച് മറ്റു കുട്ടികളുമായി അനുഭവം പങ്കുവയ്ക്കൽ | ആഴ്ച്ചയിൽ | ടീച്ചർ | |
| 13. | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രത്യേക പരിശീലനം | ആഴ്ച്ചയിൽ | ടീച്ചർ | |

# ഗണിതം

## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ഘട്ടത്തിലും കുട്ടിനേടേണ്ട ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ചെറിയ ക്ലാസിൽത്തന്നെ അക്കങ്ങൾ ഉറപ്പിക്കൽ. അതിനായി ചിത്രങ്ങൾ, സംഖ്യാകാർഡുകൾ എന്നിവ കരുതുന്നു. അബാക്കസ് പ്രയോജനപ്പെടുത്തുന്നു | ആദ്യമാസം | ടീച്ചർ | |
| 2. | മഞ്ചാടിക്കുരു, കമ്പുകെട്ടുകൾ, സംഖ്യാകാർഡുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കൽ | സന്ദർഭാനുസരണം | ടീച്ചർ | |
| 3. | സന്ദർഭോചിതമായി ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തി പ്രയോഗിക പ്രശ്നങ്ങൾ നൽകുന്നു. അവ നിർദ്ധാരണം ചെയ്യിക്കുന്നു. | സന്ദർഭാനുസരണം | ടീച്ചർ | |
| 4. | വിവിധതരത്തിലുള്ള ഗണിതകേളികൾ നടത്തുന്നു. (പാറ്റേൺ പൂർത്തിയാക്കൽ, സംഖ്യാ വ്യാഖ്യാനം,...... | ആഴ്ചയിലൊരിക്കൽ | ടീച്ചർ | |
| 5. | നിത്യജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ സങ്കലന, ഗുണന പട്ടിക ഉറപ്പിക്കുന്നു സ്ഥാനവില ഉറപ്പിക്കൽ അതിനായി സ്ഥാന വില പോക്കറ്റ് തയാറാക്കൽ | സന്ദർഭാനുസരണം | ടീച്ചർ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. | **ഗണിതമൂല-** കമ്പുകെട്ട്, മഞ്ചാടിക്കുരു, സംഖ്യാകാർഡുകൾ, അബാക്കസ്, രൂപങ്ങൾ, ക്ലോക്ക് തുടങ്ങിയവ ഗണിത പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഉപയോഗിച്ച് ഓരോ ക്ലാസ്സിലും ഗണിതമൂല സജ്ജീകരണം. | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |
| 7. | **ഗണിതചുവർ-** ക്ലാസ്തല ഗണിത പ്രവർത്തനങ്ങളിലൂടെ കുട്ടികൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾകൊണ്ട് ഗണിതച്ചുവർ കൂടുതൽ വിപുലപ്പെടുത്തുന്നു. (പതിപ്പ്, ചിത്രങ്ങൾ) | ദിനംപ്രതി | ടീച്ചർ | |
| 8. | **ഗണിതലാബ്-** അളവ്, തൂക്കം, ദൂരം, ഉപകരണങ്ങൾ, അബാക്കസ്, ക്ലോക്ക് തുടങ്ങിയ ഗണിത പഠന ഉപകരണങ്ങൾ ഗണിതലാബിൽ ഉറപ്പുവരുത്തുന്നു. | പ്രതിവർഷം | എച്ച്. എം. ടീച്ചർ | |
| 9. | ക്ലോക്ക്, അബാക്കസ്, അളവ് തൂക്ക ഉപകരണങ്ങൾ തുടങ്ങിയ ഗണിത ഉപകരണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി ക്ലാസ്സിൽ നിർമ്മിക്കുന്നതിനുള്ള അവസരം. | സന്ദർഭാനുസരണം | ടീച്ചർ | |
| 10. | ഗണിത പാറ്റേൺ, ചിത്രങ്ങൾ, പസിൽസ് തുടങ്ങിയവ ഉൾപ്പെടുത്തുന്ന ഗണിത മാസിക തയ്യാറാക്കൽ. | പ്രതിമാസം | ടീച്ചർ | |
| 11. | ആഴ്ചതോറും ഗണിത ക്ലബ്ബ് സംഘടിപ്പിക്കുകയും ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു | ആഴ്ച്ചതോറും | ടീച്ചർ | |
| 12. | ക്ലാസ്സ് ലൈബ്രറിയിൽ കൂടുതൽ ഗണിത പുസ്തകങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്നു. | പ്രതിമാസം | ടീച്ചർ | |
| 13. | ഓരോ കുട്ടിക്കും ഗണിതക്കിറ്റ് നിർമ്മാണം | സന്ദർഭാനുസരണം | ടീച്ചർ | |
| 14. | ഗണിത ദിനാചരണങ്ങൾ, അസംബ്ലിയിൽ അവതരണം, പതിപ്പ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം. | ഗണിത ദിനങ്ങളിൽ. | ടീച്ചർ | |
| 15. | സങ്കലനം, ഗുണനം, വ്യവകലനം, ജാമിതീയ രൂപങ്ങൾ വരയ്ക്കൽ തുടങ്ങി പാഠഭാഗവുമായി ബന്ധപ്പെട്ടുവരുന്ന പ്രവർത്തനങ്ങളിൽ ഐ. സി. ടി. സാധ്യത പ്രയോജനപ്പെടുത്തൽ | സന്ദർഭാനുസരണം | ടീച്ചർ | |

# എൽ. എസ്സ്. എസ്സ്.
# പരീക്ഷാപരിശീലനം


അദ്ധ്യയന വർഷാരംഭം മുതൽ
എൽ. എസ്സ്. എസ്സ് പരീക്ഷാ പരിശീലനം നൽകുന്നു
അതിനായി മാതൃക ചോദ്യങ്ങൾ തയ്യാറാക്കുന്നു,
മാതൃകാ പരീക്ഷകൾ നടത്തുന്നു,
കുട്ടികൾക്ക് പരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടാൻ
ആവശ്യമായ സഹായങ്ങൾ ചെയ്യുന്നു.



# ഉപസംഹാരം


സമഗ്ര ഗുണമേന്മാ പദ്ധതിയുടെ
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി
**'സമഗ്ര'** എന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ
സാമൂഹിക പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തി
ഈ വിദ്യാലയത്തെ മികവുറ്റതാക്കി മാറ്റാൻ കഴിയും
എന്ന് പ്രതീക്ഷിക്കുന്നു.

**PROPOSED MASTER PLAN VIEW - Govt. LP School Ayikarakonam - Punalur**



Habitat TECHNOLOGY GROUP

# PROPOSED MASTER PLAN - Govt. LP School Ayikarakonam - Punalur




Habitat TECHNOLOGY GROUP